മാകുന്നതോടുകൂടി ഇതിനുള്ള അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. ഡ്രിക്കിന്റെ ഭാഗത്തുനിന്നും വേഗത കൂട്ടുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്. അതുപോലെ കായംകുളം പോളിടെക്നിക്കിനു സ്ഥലം എടുക്കുന്നതിനു 150 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ ചെലവഴിച്ചു. ഈ വർഷം വീണ്ടും 94 ലക്ഷം രൂപ കൂടി നൽകിയിട്ടുണ്ട്. 2.3 ഹെക്ടർ സ്ഥലവും. ഇതിനോടകം എറ്റെടുത്തിട്ടുണ്ട്. അവിടെ കെട്ടിടം പണിയുന്നതിനുള്ള മണ്ണു പരിശോധന എൽ.ബി.എസ് നെ ഏൽപ്പിച്ചിരിക്കുകയാണ്. ആ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഡിസൈൻ ഏറ്റവും വേഗമാക്കി അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. കാലവിളംബം ഉണ്ടാകാതെ കാര്യങ്ങൾ നീക്കാൻ പ്രത്യേകം നിർദ്ദേശം നൽകുന്നതാണ്.

(14) മുസ്ലീം-നാടാർ മുതലായ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് ലംപ്സം ഗ്രാന്റ്

ശ്രീ. വെങ്ങാന്നൂർ പി. ഭാസ്കരൻ : സർ, തിരുവനന്തപുരം ജില്ലയിലെ നാടാർ മുസ്ലീം വിദ്യാർത്ഥിനികൾക്ക് മൂന്നു വർഷമായി ലഭിക്കേണ്ട ലംപ്സം ഗ്രാന്റ് ലഭിക്കുന്നില്ല.വെറും 100 രൂപയാണ് നൽകുന്നത്. ത്രിതല പഞ്ചായത്ത് സംവിധാനവും അധികാര വികേന്ദ്രീകരണവും നടപ്പിലാക്കിയതിന്റെ ഫലമായി യു.പി.സ്ക്കൂളുകളും ഹൈസ്ക്കൂളുകളും ജില്ലാ പഞ്ചായത്തിന്റെ കീഴിലാണ്. എന്നാൽ ജില്ലാ പഞ്ചായത്തുകൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നതിനാവശ്യമായ തുക അലോട്ട് ചെയ്ത് ലഭിക്കാത്തതുകൊണ്ടാണ് ഈ തുക വിദ്യാർത്ഥിനികൾക്ക് ലഭിക്കാത്തത്. എല്ലാ വിദ്യാർത്ഥിനികൾക്കും ഈ ആനുകൂല്യം നൽകുന്നതിനു വേണ്ടി അതിനാവശ്യമായ അലോട്മെന്റ് ഉണ്ടാകണം. ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ഏതാണ്ട് തിരുവനന്തപുരം ജില്ലയിൽ 320 സ്കൂളുകളാണ് ഉള്ളത്. ഈ സ്ക്കൂളുകളിലേക്ക് 67,54,891 രൂപ വേണം. അലോട്മെന്റ് ഈ 3 വർഷത്തേക്കുമായി നൽകിയിട്ടുള്ളത് 28,84,371 രൂപ. ഇപ്പോൾത്തന്നെ 38,70,521 രൂപ കുടിശ്ശികയുണ്ട്.എത്രയും വേഗം ഈ തുക അനുവദിച്ച് ഓണത്തിനു മുൻപുതന്നെ കുട്ടികൾക്ക് ലഭിക്കാനുള്ള സംവിധാനം ഉണ്ടാകണം. ഈ ആനുകൂല്യം ലഭിക്കേണ്ട പല കുട്ടികളും ഇപ്പോൾ പ്രീഡിഗ്രി വരെ കഴിഞ്ഞിട്ടുണ്ട്.അവർക്കുകൂടി ഈ കുടിശ്ശിക കൊടുക്കാനുള്ള സംവിധാനം ഉണ്ടാകണം. ധനകാര്യമന്ത്രി ഇതിനാവശ്യമായ പണം അനുവദിക്കുകയും എത്രയും വേഗം ഈ കുടിശ്ശിക കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, മുസ്ലീം നാടാർ വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് നൽകാനായി 1998-99 വർഷത്തേക്ക് 160 ലക്ഷം രൂപ വകയിരുത്തിയിരുന്നു.അത് അപര്യാപ്തമാണ് എന്ന് ചൂണ്ടിക്കാണിച്ചതിന്റെ വെളിച്ചത്തിൽ ഒരു കോടി രൂപയും കൂടി അധികാരികമായി നൽകി. എന്നാൽ ഇപ്പോൾ പരിശോധിച്ചപ്പോൾ ഇനിയും വലിയ ഒരു കുടിശ്ശിക കൊടുത്തു തീർക്കാനുണ്ട്. ഈ വർഷത്തെ ആവശ്യത്തിനായി 180 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പ്രശ്നം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചയിലും വന്നിരുന്നു. ഈ 180 ലക്ഷം രൂപ ബഡ്ജറ്റ് പാസ്സായാൽ ഉടൻ തന്നേ കൊടുത്തു തീർക്കുന്നതാണ്. ബാക്കിയുള്ള തുക ഇതു കൊടുത്തുതീർക്കുന്നതോടു കൂടി ധനകാര്യ വകുപ്പു മന്ത്രിയിൽ നിന്നും നൽകും എന്നാണ് അറിയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly